LIBRARY ARCHIVES Kerala Legislative Assembly

വള്ളിക്കുന്ന് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

28(2063) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി നിലവിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം തെരഞ്ഞെടുത്തിട്ടുള്ള കരുവൻതടം, പത്തൂർ പട്ടികജാതി കോളനികളുടെയും 2019-20-ൽ തെരഞ്ഞെടുത്തിട്ടുള്ള വെളിമുക്ക് ലക്ഷം വീട് കോളനിയുടെയും പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഈ മണ്ഡലത്തിലെ കൂടുതൽ കോളനികൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് പ്രൊപ്പോസൽ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

(ബി&സി) 2021-22 സാമ്പത്തിക വർഷം പദ്ധതിയിൽ ഉൾപ്പെടുത്തി ഫീസിബിലായ കോളനികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

29(2064) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന കോളനികളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഭാസ്കർ നഗർ കോളനി: ഭാസ്കർ നഗർ കോളനിയിലെ അങ്കണവാടി കെട്ടിടം, റോഡ് കോൺക്രീറ്റിംഗ്, ഓട നിർമ്മാണം, സൈഡ് വാൾ നിർമ്മാണം, 16 വീടുകളുടെ മെയിന്റനൻസ്, വോളിബോൾ കോർട്ട് നിർമ്മാണം, ഗാലറിയിലെ സൈഡ് വാൾ, വീടുകളിൽ പിടിച്ചുകയറുന്നതിന് റാമ്പ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അഡ്വാൻസ് തുകയായ 50 ലക്ഷം രൂപയാണ് ഏജൻസിക്ക് നൽകിയിട്ടുള്ളത്. ശേഷിച്ച പ്രവൃത്തിയുടെ ബിൽ ലഭ്യമായിട്ടില്ല. വോളിബോൾ കോർട്ടിലെ ലൈറ്റ്, മൂന്ന് വീടുകളിലെ മെയിന്റനൻസ് എന്നിവ ഇനി പൂർത്തീകരിക്കാനുണ്ട്. ഇവയ്ക്കായി ഏകദേശം 4.50 ലക്ഷം രൂപ + ടാക്സും വേണ്ടി വരും.